**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 72** **27-06-2022 - ൽ മറുപടിയ്ക്ക്**

**സാമുദായിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രണ്ട് വ്യത്യസ്ത രാഷ്ട്രീയ പ്രവർത്തകർ തുടർച്ചയായ ദിവസങ്ങളിൽ കൊലചെയ്യപ്പെട്ടതിനാൽ സംഘർഷ സാധ്യത നിലനിന്നിരുന്ന ആലപ്പുഴ ജില്ലയിൽ ഒരേ ദിവസം തന്നെ രണ്ട് വ്യത്യസ്ത രാഷ്ട്രീയ-സാമുദായിക സംഘടനകൾക്ക് പ്രകടനം നടത്തുവാൻ അനുമതി നൽകിയത് ഏതു സാഹചര്യത്തിൽ ആണെന്ന് വ്യക്തമാക്കുമോ; | (എ) | ഒരേ ദിവസം രണ്ട് വ്യത്യസ്ത സംഘടനകൾക്ക് പ്രകടനം നടത്തുവാൻ അനുമതി നൽകിയിരുന്നില്ല. അനുമതി വാങ്ങാതെ ഒരു സംഘടന റാലി നടത്തിയ കാര്യത്തിൽ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ Cr.No.555/2022 u/s 143,147,149,283 IPCപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് അന്വേഷണ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത സംഘടനകൾക്ക് പ്രകടനം നടത്തുന്നതിന് അനുമതി നൽകുന്നതിന് മുമ്പായി പോലീസ് / ഇന്റലിജൻസ് റിപ്പോർട്ട് തേടിയിരുന്നോ; പ്രകടനത്തിന് അനുമതി നൽകുന്നതിന് അനുകൂലമായി പോലീസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അപകടകരമായ ഇത്തരം പ്രവണതകൾ ഒഴിവാക്കി മത സാമുദായിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മത സാമുദായിക ഐക്യം തകർക്കുന്ന പ്രവർത്തികൾക്കെതിരെ<br><br>പോലീസ് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. സാമൂഹിക മാധ്യമങ്ങൾ വഴി മത സാമുദായിക ഐക്യം തകർക്കുന്ന തരത്തിലുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് സൈബർ സെൽ നിരീക്ഷണം നടത്തി വരുന്നുണ്ട്, സ്പെഷ്യൽ ബ്രാഞ്ച് ഇത്തരം പ്രവർത്തികൾ നിരീക്ഷിച്ച് വരുന്നുണ്ട്. മത സാമുദായിക ഐക്യം ഊട്ടി<br><br>ഉറപ്പിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ജനമൈത്രി<br><br>പോലീസിംഗിന്റെ സഹായത്തോടെ ക്രിയാത്മകമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ